# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1135 30.09.2016 -ൽ മറുപടിക്ക്

**പത്മനാഭസ്വാമി ക്ഷേത്രവും പരിസരവും പുരാവസ്തു നിയമപ്രകാരം നോട്ടിഫൈ ചെയ്യാൻ നടപടി**

ചോദ്യം

ശ്രീ. എൻ.ഷംസുദ്ദീൻ

മറുപടി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

(ബഹു.തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | തലസ്ഥാനത്തെ പത്മനാഭസ്വാമി ക്ഷേത്രവും പരിസരവും പുരാവസ്തു നിയമപ്രകാരം നോട്ടിഫൈ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ക്ഷേത്രത്തെയും പരിസരത്തുള്ള എത്ര മീറ്റർ സ്ഥലത്തെയും ഇതിന്റെ പരിധിയിൽ പ്പെടുത്തിയിട്ടുണ്ട് ; വിശദമാക്കാമോ ; | (എ) | പുരാവസ്തു നിയമപ്രകാരം വിജ്ഞാപനം ചെയ്തിട്ടില്ല. |
| (ബി) | ഇതേവരെ നോട്ടിഫൈ ചെയ്തിട്ടില്ലായെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ ; | (ബി) | 28/08/2002 ലെ ജി.ഒ (എം.എസ്സ്) 27/02/ സിഎഡി നമ്പർ ഉത്തരവ് പ്രകാരം ശ്രീ. പത്മനാഭ സ്വാമി ക്ഷേത്രവും അതിനു ചുറ്റുമുള്ള കൊട്ടാരങ്ങളും ഉൾപ്പെടുത്തി പുരാവസ്തു നിയമപ്രകാരം സംരക്ഷി ക്കുന്നതിന് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പുരാവസ്തു നിയമ പ്രകാരം സംരക്ഷിത സ്മാരകമാക്കുന്ന തിനെതിരെ ആക്ഷേപം ഉന്നയിക്കപ്പെട്ട സാഹചര്യത്തിൽ ടി ക്ഷേത്രത്തെ സംരക്ഷിത സ്മാരകമാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (സി) | പുരാതന പൈതൃക കേന്ദ്രമായ പത്മനാഭസ്വാമി ക്ഷേത്രവും 250 മീറ്ററിനകത്തെ നിർമ്മിതികളും പുരാവസ്തു സംരക്ഷണ നിയമപ്രകാരം നോട്ടിഫൈ ചെയ്യുന്നതിനും അനധികൃത നിർമ്മിതികളും കച്ചവട സ്ഥാപനങ്ങളും ഒഴിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ ? | (സി) | പത്മനാഭപുരം ക്ഷേത്രം ഉൾപ്പെടുന്ന കോട്ടയ്ക്കകം മേഖല സംസ്ഥാന ആർട്ട് & ഹെറിറ്റേജ് കമ്മിഷൻ പൈതൃക മേഖലയായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ പ്രസ്തുത മേഖലയ്ക്കുള്ളിൽ നിർമ്മാണങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**